# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ (I/C)യുടെ നടപടിക്രമം

(റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം - 33)

(ഹാജർ സബിൻ സമീദ്)

നം. എൽ.ആർ. എൻ.2-43010/17 തീയതി 18-07-2019

വിഷയം : ജീവനക്കാര്യം - ലാൻഡ് റവന്യൂ വകുപ്പ് - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - റേഷ്യോ സ്ഥാനക്കയറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്.

വായന :

1. ജി.ഒ.(പി) നമ്പർ 145/2006/ഫിൻ തീയതി 25-03-2006 നമ്പർ സർക്കാർ ഉത്തരവ്.
2. ജി.ഒ.(പി) നം. 7/2016/ഫിൻ തീയതി 20-01-2016 നമ്പർ ഉത്തരവ്
3. 05-10-2018 തീയതിയിലെ മേൽ നമ്പർ നടപടിക്രമം.
4. മലപ്പുറം ജില്ലാ കളക്ടറുടെ 03-07-2019- ലെ DCMPM/6919/ 2019 /A3 - ാം നമ്പർ റിപ്പോർട്ട്.
5. കാസറഗോഡ് ജില്ലാ കളക്ടറുടെ 19-06-2019- ലെ DCKSGD / 7761/ 2019/A2-ാം നമ്പർ റിപ്പോർട്ട്.
6. എൽ ആർ. റ്റി5-18529/14(1) തീയതി 16-05-2017 നമ്പർ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.

സൂചന (1), (2) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം ലാൻഡ് റവന്യൂ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 31-07-2018 വരെ ഒഴിവുകളിൽ 1:1:1:1 അനുപാതത്തിൽ സ്ഥാനക്കയറ്റം നടപ്പിലാക്കിയിട്ടുള്ളതാണ്.

31-07-2018- ന് ശേഷം സെലക്ഷൻ ഗ്രേഡ് സി.എ. തസ്തികയിലുണ്ടായിട്ടുള്ള ഒഴിവിലേയ്ക്ക് ലാൻഡ് റവന്യൂ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ സൂചന (6) അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും ചുവടെ പറയുന്ന സീനിയറായിട്ടുള്ള സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന് 39500 -83000 രൂപ ശമ്പള സ്കെയിലിൽ അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള തീയതി പ്രാബല്യത്തിൽ **സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി** സ്ഥാനക്കയറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | റാങ്ക് നം. LRT5-18529/174 dtd. 16-05-2017 നമ്പർ സീനിയോരിറ്റി ലിസ്റ്റ്) | സ്ഥാനക്കയറ്റം അനുവദിച്ച തീയതി | ജില്ല/ആഫീസ്. |
|---|---|---|---|---|
| 1 | ഷൈലജ പുളിക്കൽ | 57 | 01-06-2019 | മലപ്പുറം |

സൂചന (6) അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും സീനിയറായിട്ടുള്ള ചുവടെ പറയുന്ന ഗ്രേഡ് - I, കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ **30700-65400** ശമ്പള **സ്കെയിലിൽ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്** തസ്തികയിൽ വിരമിക്കൽ/സ്ഥാനക്കയറ്റം മുഖേനയുണ്ടായ ഒഴിവിലേയ്ക്ക് അവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള തീയതി പ്രാബല്യത്തിൽ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | റാങ്ക് നം. LRT5-18529/174 dtd. 16-05-2017 നമ്പർ സീനിയോരിറ്റി ലിസ്റ്റ്) | സ്ഥാനക്കയറ്റം അനുവദിച്ച തീയതി | ജില്ല/ആഫീസ്. |
|---|---|---|---|---|
| 1 | മുഹസീനത്ത്. എ | 81 | 01-06-2019 | കൊല്ലം |
| 2 | സൂസൻ. ഇ. ജേക്കബ് | 82 | 01-06-2019 | പത്തനംതിട്ട |

സൂചന (6) അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും സീനിയറായിട്ടുള്ള ചുവടെ പറയുന്ന ഗ്രേഡ് - II, കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ 27800-59400 ശമ്പള സ്കെയിലിൽ **ഗ്രേഡ്-I കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ** സ്ഥാനക്കയറ്റം മുഖേനയുണ്ടായ ഒഴിവിലേയ്ക്ക് അവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള തീയതി പ്രാബല്യത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | റാങ്ക് നം. LRT5-18529/174 dtd. 16-05-2017 നമ്പർ സീനിയോരിറ്റി ലിസ്റ്റ്) | സ്ഥാനക്കയറ്റം അനുവദിച്ച തീയതി | ജില്ല/ആഫീസ്. |
|---|---|---|---|---|
| 1 | രതീഷ്. റ്റി | 104 | 01-06-2019 | ലാൻഡ് ബോർഡ് തിരുവനന്തപുരം |
| 2 | പ്രീത. പി. | 105 | 01-06-2019 | പാലക്കാട്. |

ബന്ധപ്പെട്ട ഓഫീസ് മേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റം അടിയന്തിരമായി നടപ്പാക്കി, ടിയാളുകളുടെ സേവന പുസ്തകത്തിൽ മതിയായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും, വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ് )
ജോയിന്റ് കമ്മീഷണർ(I/C)

ബന്ധപ്പെട്ട വ്യക്തികൾക്ക് (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ്

1. സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, തിരുവനന്തപുരം, കൊല്ലം പത്തനംതിട്ട, പാലക്കാട്, മലപ്പുറം.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ /ജോയിന്റ് കമ്മീഷണറുടെ സി. എ.
4. സീനിയോരിറ്റി സെൽ
5. ✓ ഐ.റ്റി. സെൽ
6. മെമ്മോ ഫയൽ/അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

റ്റി5